# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3575 — 30-01-2014-ൽ മറുപടിക്ക്.

### നീര ഉല്പാദനം - അബ്കാരി ചട്ടങ്ങളിൽ ഭേദഗതി

**ചോദ്യം:**

ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്:
ശ്രീ. പി. സി. ജോർജ്:
" എം. വി. ശ്രേയാംസ് കുമാർ:

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(എ) കള്ളുഷാപ്പുകൾ വില്പന നടക്കാത്തതിനാൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ, ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും, മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റിനും, നീര ഉല്പാദിപ്പിക്കുന്നതിന്, പരീക്ഷണാടിസ്ഥാനത്തിൽ, നാളികേര വികസന ബോർഡിനു കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/സമിതി, ഫെഡറേഷൻ എന്നിവയ്ക്ക് അനുമതി നൽകുന്നതിനാണ്, 23/09/2013 -ലെ ജി.ഒ.(Ms)160/13/റ്റിഡി. പ്രകാരം ഉത്തരവായിട്ടുള്ളത്.

കള്ള് ചെത്ത് തൊഴിലാളികളുടെ തൊഴിൽ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട്, നീര ചെത്തുന്നതിൽ അവർക്ക് മുൻഗണന നൽകുകയും, എന്നാൽ ആവശ്യത്തിന് തൊഴിലാളികൾ ലഭ്യമാകാത്ത അവസരത്തിൽ മാത്രം, ട്രെയിനിംഗ് നൽകി, നീര ടെക്നീഷ്യൻസിനെ നിയോഗിക്കുന്നതുമാണ്.

(ബി) നീരയുടെ ഉല്പാദനം, വിതരണം എന്നിവ സംബന്ധിച്ച് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുവോ; ഇതു സംബന്ധിച്ച് ഇതിനോടകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് നീര ഉല്പാദനത്തിന് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച, 23/09/2013-ലെ ജി.ഒ.(Ms)160/13/റ്റിഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അബ്കാരി ആക്ടിന്റെ കീഴിലുള്ള, 1931-ലെ, Issue of Licences for Drawing Sweet Toddy (Neera) Rules ഇല്ലായ്മ ചെയ്ത്, The Kerala Sweet Toddy (Neera) Rules, 2014 എന്ന പുതിയ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) നീരയുടെ ഉല്പാദനവും വിതരണവും എക്സൈസ് നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) നീരയുടെ ഉല്പാദനവേളയിൽ ആയത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത മുന്നിൽ കണ്ടാണ്, നീരയുടെ ഉല്പാദനം അബ്കാരി ചട്ടങ്ങളുടെ പരിധിക്കുള്ളിൽ തന്നെ നിലനിർത്താൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ആഫീസർ